**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2684** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഗോത്രബന്ധു പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ്,<br>ശ്രീ. ആന്റണി ജോൺ,<br>പ്രൊഫ . കെ. യു. അരുണൻ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ പുരോഗതി അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ പുരോഗതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. സാമൂഹ്യപഠനമുറി 2017-18 വർഷം സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും, ലഘു ഭക്ഷണവും ഒരുക്കുന്നതിനായി 100 പഠനമുറികൾ വഴി 3000 വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ലഭ്യമാക്കി. ടി പദ്ധതി പ്രകാരം നിലവിൽ 250 പഠനമുറികളിലായി 7392 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. 2. ഗോത്രബന്ധു വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി പ്രകാരം വയനാട് ജില്ലയിലും, അട്ടപ്പാടി ബ്ലോക്കിലുമായി 267 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) 30 പേരെയും മലപ്പുറം ജില്ലയിൽ 29 പേരെയും നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 3. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലെ 20 എം.ആർ.എസുകളെയും യൂണിസെഫ് നിഷ്കർഷിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, സ്റ്റീം കിച്ചൻ, മൾട്ടി പർപ്പസ് കോർട്ടുകൾ, മിനി മാസ്റ്റ് ലൈറ്റ്, ഖരദ്രാവക മാലിന്യ |

| | | | |
|---|---|---|---|
| | | | സംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പദ്ധതി, നാപ്കിൻ വെൻഡിംഗ് മെഷീൻ, ഔട്ട് ഡോർ ഫിറ്റ്നെസ് സെന്റർ, ഡിജിറ്റൽ ലൈബ്രറി, അഗ്നിപ്രതിരോധ സംവിധാനം, സി.സി.റ്റി.വി മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.ക്ക് 100% വിജയവും +2 വിന് 80.16% വിജയവും നേടാൻ കഴിഞ്ഞിട്ടുണ്ട്. 4. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 114 പ്രീ മെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിക്കുന്ന മാതൃകയിൽ അന്താരാഷ്ട്ര നിലവാര ത്തിലേക്ക് ഉയർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 5. ലാപ്ടോപ്പ് വിതരണം ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. നടപ്പുവർഷം 314 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം പുരോഗമിച്ചുവരുന്നു. 6. വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 25.06.2016-ലെ സ.ഉ(എം.എസ്)43/2016/ പജപവവിവ, 09.01.2020-ലെ സ.ഉ(അച്ചടി)നം.1/2020/പജ.പവ.വിവ എന്നീ ഉത്തരവുകൾ പ്രകാരം 50% വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചത് വഴി 2019-20 അദ്ധ്യയന വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി വിജയശതമാനം 87.13 ഉം പ്ലസ് ടു വിജയശതമാനം 65.24 ഉം ആയി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഗോത്ര വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഗോത്രഭാഷയിലൂടെയുള്ള പഠനം സാധ്യമാക്കുന്നതിന് ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | ഗോത്ര വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഗോത്ര ഭാഷയിലൂടെയുള്ള പഠനം സാധ്യമാകുന്നതിന് വയനാട് ജില്ലയിലും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലും ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം അദ്ധ്യാപക യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീ യുവാക്കളെ സ്കൂളുകളിൽ നിയമിച്ചുകൊണ്ട് അവരുടെ ഭാഷയിൽത്തന്നെ പഠിപ്പിക്കുന്നതിനാൽ സ്കൂളുകളിൽ നിന്ന് ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറഞ്ഞു വന്നിട്ടുണ്ടോ; | (സി) | ഗോത്രബന്ധു പദ്ധതി പ്രകാരം അദ്ധ്യാപക യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീ യുവാക്കളെ സ്കൂളുകളിൽ നിയമിച്ചു കൊണ്ട് അവരുടെ ഭാഷയിൽത്തന്നെ പഠിപ്പിക്കുന്ന തിനാൽ സ്കൂളുകളിൽ നിന്നും ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വയനാട് ജില്ലയിൽ 2016-17 വർഷം 1 മുതൽ 4 |

| | | | |
|---|---|---|---|
| | | | വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 ൽ 111 ആയും 2019-20 വർഷത്തിൽ 63 ആയും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസുകളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര പേർക്ക് അദ്ധ്യാപകരായി നിയമനം ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ? | (ഡി) | ഗോത്രബന്ധു പദ്ധതി പ്രകാരം ഇതുവരെ 267 അദ്ധ്യാപക യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാരെ നിയമിച്ചിട്ടുണ്ട്. വയനാട് ജില്ല - 241 അട്ടപ്പാടി ബ്ലോക്ക് - 26 പാലക്കാട് ജില്ലയിൽ (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) 30 പേരെയും മലപ്പുറം ജില്ലയിൽ 29 പേരെയും നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ